സാമ്പത്തിക-സാമൂഹിക സർവേ

16 (7572) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടക്കുന്ന സാമ്പത്തിക-സാമൂഹിക സർവ്വെയുടെ പുരോഗതി തൃപ്തികരമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർവ്വെ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നടന്നുവരുന്ന സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് പ്രകാരമുള്ള കരട് ലിസ്റ്റിൽ ഏതാനും അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

സേവനാവകാശ നിയമം നടപ്പിലാക്കാത്ത വകുപ്പുകൾ

17 (7573) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനാവകാശ നിയമം ഇതുവരെ നടപ്പിലാക്കാത്ത വകുപ്പുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) അതിന്റെ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

സർക്കാർ സേവനങ്ങൾക്ക് ആധാർ കാർഡ്-സുപ്രീംകോടതി വിധി

18 (7574) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സേവനങ്ങൾക്ക് ആധാർകാർഡ് നിർബന്ധമാക്കരുത് എന്ന സുപ്രീം കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിധി ലംഘിച്ചുകൊണ്ട് പല വകുപ്പുകളും ഇപ്പോഴും ആധാർകാർഡ് നിർബന്ധമാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) റേഷൻ കാർഡ് പുതുക്കൽ കുട്ടികളുടെ സ്കൂൾ പ്രവേശനം തുടങ്ങിയ കാര്യങ്ങൾക്ക് ആധാർകാർഡ് നിർബന്ധമാക്കിക്കൊണ്ടുള്ള ഉത്തരവ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) സുപ്രീം കോടതി വിധി പാലിക്കാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സുപ്രീം കോടതി വിധിക്കുശേഷം സർക്കാർ വകുപ്പുകൾ ആധാർ കാർഡ് നിർബന്ധമാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) റേഷൻ കാർഡ് പുതുക്കുന്നതിന് ആധാർ കാർഡ് നിർബന്ധമാക്കിക്കൊണ്ടുള്ള ഉത്തരവ് നിലവിലില്ല. കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ കുട്ടികളുടെ ആധാർ നമ്പർ സൂക്ഷിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും കുട്ടികളുടെ സ്കൂൾ പ്രവേശനത്തിനോ ആനുകൂല്യങ്ങൾക്കോ ആധാർ തടസ്സമാകുന്നില്ല.

(ഡി) സുപ്രീം കോടതി വിധി പാലിക്കാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

ദേശീയ ഹരിത സേന

19 (7575) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഹരിതസേന സംസ്ഥാനത്ത് നടപ്പിലാക്കുന്നത് ഏത് ഏജൻസി മുഖേനയാണ് ;

(ബി) ദേശീയ ഹരിതസേനയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(സി) ദേശീയ ഹരിതസേനയിൽ സംസ്ഥാനത്തെ എത്ര വിദ്യാലയങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സർക്കാർ വിദ്യാലയങ്ങളിൽ എത്രയെണ്ണം ഉണ്ടെന്നും വ്യക്തമാക്കുമോ ;

(ഡി) നോഡൽ ഏജൻസിയും വിദ്യാലയങ്ങളുമല്ലാതെ മറ്റേതെങ്കിലും സർക്കാർ ഇതര ഏജൻസികളോ സ്ഥാപനങ്ങളോ പദ്ധതിയുമായി സഹകരിക്കുന്നുണ്ടോ ; ഏതെല്ലാം സ്ഥാപനങ്ങൾ ;

(ഇ) പ്രസ്തുത സ്ഥാപനങ്ങൾക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയിട്ടുണ്ടോ ; ഓരോ സ്ഥാപനത്തിനും ഓരോ വർഷവും നൽകിയ ധനസഹായം എത്രയാണ് ?

ഉത്തരം

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മുഖേനയാണ് ദേശീയ ഹരിതസേന സംസ്ഥാനത്ത് നടപ്പിലാക്കുന്നത്.

(ബി) പരിസ്ഥിതിയെയും പരിസ്ഥിതി സംബന്ധിയായ പ്രശ്നങ്ങളെ കുറിച്ചും കുട്ടികളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ പരിസ്ഥിതി വിദ്യാഭ്യാസ സാഹചര്യങ്ങൾ സൃഷ്ടിക്കുക, കുട്ടികളെ അവർ ജീവിക്കുന്ന സമൂഹം അഭിമുഖീകരിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളുമായി നേരിട്ട് സമ്പർക്കം പുലർത്തുംവിധം നയിക്കുകയും അവയെ സംബന്ധിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly